PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

SECOND SESSION—1950

Friday, *the 10th November 1950*

Vol. II] OFFICIAL REPORT [No. 18

The Assembly met in the Legislative Chamber, Trivandrum, at eleven of the clock on Friday, the 10th November 1950, with Mr. Speaker in the Chair

QUESTIONS AND ANSWERS

(The numbers in brackets indicate the serial numbers in the printed list of admitted questions for the day.)

Oral Answers

ആലപ്പുഴ—ചേർത്തല തോട്

*൯ ന്യ൯. (എ) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴ—ചേർത്തല തോടുവെട്ടാൻ തുടങ്ങിയതു് എന്നാണു്;

(ബി) ആ ഇനത്തിൽ ഇതിനകം എത്ര രൂപാ ചെലവായി;

(സി) തോടു മുഴുവൻ ഇതിനം വെട്ടിതീർത്തോ;

(ഡി) വെട്ടിതീർത്തിട്ടില്ലെങ്കിൽ അതിനുള്ളകാരണം;

(ഇ) പ്രസ്തുത പണി എന്നത്തേക്കു് തീർക്കണം എന്നായിരുന്ന ഗവണ്മെണ്ടിന്റെ ഉദ്ദേശം;

(എഫ്) എന്നത്തേക്കു് തോടുവെട്ടി തീർക്കണമെന്നാണു് ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നതു്;

(ജി) തോടുവെട്ടി തീർക്കാത്തതുമൂലം തോടിന്റെ ഇരുകരകളിലുമുള്ള വയലുകളിലെ കൃഷിക്കു് വളരെ നഷ്ടം വന്നിട്ടുണ്ടെന്നു് ഗവണ്മെണ്ടിനു് അറിയാമോ?

†ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

ഇതിനുമുമ്പു് ഈ ചോദ്യത്തിനുത്തരം പറഞ്ഞിട്ടുണ്ടു്. വേണമെങ്കിൽ ഇനിയും പറയാം.

(എ) ൧൯൫൫ മുതൽക്കാണു്.

(ബി) ടി ഇനത്തിൽ ഇതുവരെ ൫,൭൭,൪൦൭ രൂപാ ചിലവായി.

(സി) വെള്ള നിരപ്പുവരെ ൧൯൫൮-ൽ വെട്ടിത്തീർത്തു. ഗതാഗത സൗകര്യമാക്കുന്നതിനു ഡ്രെഡ്ജർ ഉപയോഗിച്ചുവരുന്നു. ആലപ്പുഴ മുതൽ ൫-ാം മൈൽ വരെ താഴ്ത്തിയിട്ടുണ്ടു്.

†As the Minister for Communcations Public Works, and Agriculture was absent the questions addressed to him were answered by the Chief Minister.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഫ്രഫർ അവസാനത്തിൽ പണിനിറുത്തിവച്ചിരുന്നു.

(ഇ) ഏകദേശം ഡ കൊല്ലംകൊണ്ട് പണി പൂർത്തിയാകുമെന്നായിരുന്നു ഉദ്ദേശം.

(എഫ്) തീച്ചയായും ഡ കൊല്ലത്തിനകം വെട്ടിത്തീർക്കാമെന്നാണ് ഗവണ്മെന്റുദ്ദേശിക്കുന്നിതു.

(ജി) അറിഞ്ഞുകൂടാ.

സാഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: ആദ്യമേ ഗവർമ്മെന്റ് ഇതിലേക്ക് എന്തു തുകയാണ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള. ഗവണ്മെൻറ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നതു് ന്യ ലക്ഷം രൂപയാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇങ്ങനെ തോട് വെട്ടിത്തീർക്കാത്തതുകൊണ്ടു് തോടിന്റെ ഇരുവശങ്ങളിലുമുള്ള വയലുകളിലെ കൃഷിക്ക് വലിയ നഷ്ടമുണ്ടെന്നുള്ളതിനെസംബന്ധിച്ച് വല്ല നിവേദനങ്ങളും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേ സംബന്ധിച്ച് ചില നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഇപ്പോൾ എത്ര ഡ്രെഡ്ജർ അവിടെ ജോലി ചെയ്യുന്നുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ഒരു ഡ്രെഡ്ജർ അവിടെ ജോലിചെയ്യുന്നുണ്ടു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: അതിനെ അവിടെനിന്നും മാറ്റി മറ്റൊരു സ്ഥലത്തു് ജോലിചെയ്യാൻ ഏർപ്പാടുചെയ്തിരിക്കുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ അവിടെനിന്നും മാറ്റുന്നതിനു് ഓർഡർ കൊടുത്തിട്ടുള്ളതായി ഓർക്കുന്നില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ആ തോട് മുഴുവൻ വെട്ടിത്തീർക്കുന്നതിനു് എത്ര രൂപാ വേണ്ടിവരുമെന്നാണു് ഗവണ്മെന്റുദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ എസ്റ്റിമേറ്റ ചെയ്തിരിക്കുന്നതിൽ വളരെ കൂടുതൽ വേണമെന്നാണു് ഗവണ്മെന്റുദ്ദേശിക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: തോട് വെട്ടിത്തീർക്കാത്തതു മൂലം അവിടെ സമീപ പ്രദേശങ്ങളിൽ കൃഷിക്ക് നഷ്ടം സംഭവിക്കുന്നതിനുള്ള കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അവിടെ വെള്ളം കെട്ടിനിൽക്കുന്നതുകൊണ്ടു് അതിനു് സമീപപ്രദേശങ്ങളിലുള്ള തെങ്ങുകൾക്കും മറ്റും ഈൽഡ് കുറയുവാനിടയുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതു ശരിയാണോ എന്നുള്ളതിനെപ്പറ്റി ഗവണ്മെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly